# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1445 | 15.06.2012-ൽ മറുപടിക്ക്

## കാർഷിക മേഖലയിൽ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ.കെ.ദാസൻ

**മറുപടി**

**ശ്രീ.കെ.പി.മോഹനൻ**

(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) കാർഷിക മേഖലയിൽ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും കർഷകർക്ക് കൃഷി വികസിപ്പിക്കുന്നതിന് സാങ്കേതിക ശാസ്ത്രീയ പരിശീലനവും ഉപദേശങ്ങളും നൽകാൻ നിലവിൽ ഏതെല്ലാം സംവിധാനങ്ങളും ഏതെല്ലാം സ്ഥാപനങ്ങളുമാണ് പ്രവർത്തിക്കുന്നത്; അത് എവിടെയാണ് സ്ഥിതിചെയ്യുന്നത് എന്നും വ്യക്തമാക്കാമോ;

എ) കാർഷിക മേഖലയിൽ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും, കർഷകർക്ക് കൃഷി വികസിപ്പിക്കുന്നതിന് സാങ്കേതിക ശാസ്ത്രീയ പരിശീലനവും ഉപദേശങ്ങളും നൽകുവാൻ കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രാദേശിക ഗവേഷണ കേന്ദ്രങ്ങളും, കൃഷി വിജ്ഞാന കേന്ദ്രങ്ങളും സജ്ജമാണ്. അവയുടെ വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

കൃഷി വകുപ്പിന്റെ കീഴിൽ എല്ലാ പഞ്ചായത്തുകളിലും പ്രവർത്തിക്കുന്ന കൃഷി ഭവനുകളിലെ ഉദ്യോഗസ്ഥർ കർഷകർക്ക് കൃഷി വികസിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക ശാസ്ത്രീയ ഉപദേശങ്ങൾ നൽകി വരുന്നു. കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന **'ആത്മ'** പദ്ധതി വഴി കാർഷിക അനുബന്ധ മേഖലയിലെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി ഗവേഷണ ഫലങ്ങളും നൂതന സമ്പ്രദായങ്ങളും കർഷകരിലേക്ക് നേരിട്ട് എത്തിക്കുകയും അതുവഴി കാർഷിക മേഖലയുടെ സമഗ്ര വികസനം ഉറപ്പാക്കുകയും ചെയ്യുന്നു. കൃഷി വികസിപ്പിക്കുന്നതിന് കർഷകരെ സഹായിക്കുന്നതിലേക്കായി വിവിധയിനം പരിശീലന പരിപാടികൾ നടത്തി വരുന്ന പരിശീലന കേന്ദ്രങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

| | |
|---|---|
| ബി) കൊയിലാണ്ടി മണ്ഡലത്തിൽ കാലിത്തീറ്റ ഫാക്ടറിയോട് ചേർന്ന് കാർഷിക സർവ്വകലാശാല ഉപകേന്ദ്രമോ കേന്ദ്രം തന്നെയോ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | ബി) സർക്കാരിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം - 1

## പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രങ്ങൾ

1) പ്രാദേശിക ഗവേഷണ കേന്ദ്രം, അമ്പലവയൽ, വയനാട്.
2) പ്രാദേശിക ഗവേഷണ കേന്ദ്രം, പീലിക്കോട്, കാസർഗോഡ്.
3) പ്രാദേശിക ഗവേഷണ കേന്ദ്രം, പട്ടാമ്പി, പാലക്കാട്.
4) പ്രാദേശിക ഗവേഷണ കേന്ദ്രം, കുമരകം, കോട്ടയം.
5) പ്രാദേശിക ഗവേഷണ കേന്ദ്രം, കായംകുളം, ആലപ്പുഴ.
6) പ്രാദേശിക ഗവേഷണ കേന്ദ്രം, വെള്ളായണി, തിരുവനന്തപുരം.

## കൃഷി വിജ്ഞാന കേന്ദ്രങ്ങൾ

1) കൃഷി വിജ്ഞാന കേന്ദ്രം, തളിപ്പറമ്പ്, കണ്ണൂർ.
2) കൃഷി വിജ്ഞാന കേന്ദ്രം, അമ്പലവയൽ, വയനാട്.
3) കൃഷി വിജ്ഞാന കേന്ദ്രം, പട്ടാമ്പി, പാലക്കാട്.
4) കൃഷി വിജ്ഞാന കേന്ദ്രം, തവനൂർ, മലപ്പുറം.
5) കൃഷി വിജ്ഞാന കേന്ദ്രം, തൃശ്ശൂർ, തൃശ്ശൂർ
6) കൃഷി വിജ്ഞാന കേന്ദ്രം, കുമരകം, കോട്ടയം
7) കൃഷി വിജ്ഞാന കേന്ദ്രം, സദാനന്ദപുരം, കൊല്ലം.

# അനുബന്ധം 2

| | പരിശീലന കേന്ദ്രം | പരിധിയുള്ള ജില്ലകൾ |
|---|---|---|
| 1 | RATTC, കഴക്കൂട്ടം,തിരുവനന്തപുരം | തിരുവനന്തപുരം,കൊല്ലം |
| 2 | RATTC, കോഴ, കോട്ടയം | കോട്ടയം, ഇടുക്കി |
| 3 | RATTC, വൈറ്റില, എറണാകുളം | എറണാകുളം, തൃശ്ശൂർ |
| 4 | RATTC, മലമ്പുഴ, പാലക്കാട് | പാലക്കാട്, മലപ്പുറം |
| 5 | RATTC, തളിപ്പറമ്പ്,കണ്ണൂർ | കണ്ണൂർ, കാസർഗോഡ് |
| 6 | FTC, പന്തളം, പത്തനംതിട്ട | ആലപ്പുഴ, പത്തനംതിട്ട |
| 7 | FTC, വേങ്ങരി, കോഴിക്കോട് | കോഴിക്കോട്, പത്തനംതിട്ട |